**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1597** **05-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ നെൽ കൃഷിക്ക് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | അരിയുടെ വില വർദ്ധനവ് പരിഗണിച്ച് വയനാട് ജില്ലയിൽ നെൽകൃഷിക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനും നെൽകൃഷി പ്രോത്സാഹനത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ നെൽകൃഷി പ്രോത്സാഹനത്തിന് വേണ്ടി കൃഷി വകുപ്പ് നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ഏകദേശം 282.12 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പദ്ധതിയിലെ വിവിധ ഘടകങ്ങളും ജില്ലയ്ക്ക് നൽകാനുദ്ദേശിക്കുന്ന ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങളും (Tentative Target) സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.<br><br>കൃഷിഭവനുകൾ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷി വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇവയ്ക്കു പുറമെ പ്രോജക്ട് അധിഷ്ഠിതമായി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.<br><br>വയനാട് വികസന പാക്കേജിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 75.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ജില്ലാ കളക്ടർ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിയുൾപ്പെടെയുള്ള എല്ലാ പ്രധാന വിളകളുടെയും വികസനത്തിന് പ്രത്യേക പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കുന്നതിന് വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദേശം നൽകുന്നതാണ്. |
| (ബി) | രാസവളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധനവ്, തൊഴിലാളികളുടെ ക്ഷാമം, കൂലി ചെലവ്, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കാരണം വയനാട്ടിലെ നെൽകൃഷി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും | (ബി) | നെൽവിത്തിന്റെയും ജൈവ ഉല്പാദനോപാധികളുടെയും ആനുകൂല്യമായി സുസ്ഥിര നെൽകൃഷി വികസനത്തിൽ ഉൾപ്പെടുത്തി ഹെക്ടറിന് 5500 രൂപ നിരക്കിൽ കർഷകർക്ക് നൽകി വരുന്നുണ്ട്. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്ക് |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | ഹെക്ടറിന് 10,000/- രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ ആനുകൂല്യമായി ഹെക്ടറിന് 5,400/- രൂപ നിരക്കിലും ഉല്പാദന ബോണസായി ഹെക്ടറിന് 1000/- രൂപ നിരക്കിലും കർഷകർക്ക് അനുവദിക്കുന്നുണ്ട്. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി ഭൂപരിധിയില്ലാതെ നെൽകർഷകർക്ക് നൽകി വരുന്നുണ്ട്. |
| (സി) | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട്ടിലെ നെൽകൃഷി മേഖല പരിപോഷിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ ഏറ്റെടുക്കുന്നത് അനുവദനീയമല്ല. ആയതിനാൽ നെൽകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല. എന്നാൽ തരിശ് ഭൂമി കൃഷിയോഗ്യമാക്കി നൽകുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായതിനാൽ വർഷങ്ങളായി തരിശ് കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**വയനാട് ജില്ലയിൽ നെൽകൃഷി പ്രോത്സാഹന പദ്ധതിയിലെ വിവിധ ഘടകങ്ങളും ജില്ലയ്ക്ക് നൽകാനുദ്ദേശിക്കുന്ന ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങളും**

| ക്രമ നം. | പദ്ധതി ഘടകം | ഭൗതിക ലക്ഷ്യം (ഹെക്ടർ) | സാമ്പത്തിക ലക്ഷ്യം (ലക്ഷം രൂപ) |
|---|---|---|---|
| 1 | സുസ്ഥിര നെൽകൃഷി വികസനം ( 5,500/- രൂപ / ഹെക്ടർ) | 3700 | 203.5 |
| 2 | തരിശ് നെൽകൃഷി (40,000/- രൂപ /ഹെക്ടർ) | 80 | 32 |
| 3 | പ്രത്യേക നെല്ലിനങ്ങളുടെ കൃഷി (10,000/- രൂപ/ഹെക്ടർ) | 230 | 23 |
| 4 | ഒരുപ്പ - ഇരുപ്പ നെൽ കൃഷി (10,000/- രൂപ / ഹെക്ടർ) | 49 | 4.9 |
| 5 | പാടശേഖരങ്ങൾക്ക് ഓപ്പറേഷണൽ സപ്പോർട്ട് (360/-രൂപ / ഹെക്ടർ) | 5200 | 18.72 |
| | | | 282.12 |